## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 8031 16.07.2014-ൽ മറുപടിയ്ക്ക്

### അട്ടപ്പാടി കിടപ്പാടം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട്

**ചോദ്യം**
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസികൾക്ക് പ്രഖ്യാപിച്ച പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ആദിവാസികൾക്ക് നൽകിയതായി രേഖയുണ്ടാക്കി വൻവെട്ടിപ്പ് നടത്തുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | എ), ബി), സി) & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ച് നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം പുരോഗമിച്ച് വരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ. |
| ബി) | കിടപ്പാടം ഇല്ലാത്ത ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടത്തിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | | |
| ഡി) | അട്ടപ്പാടിയിൽ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം അന്വേഷണം നടക്കുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ? | | |

Haripriya
സെക്ഷൻ ഓഫീസർ